# VERAPOLY
## ARCHDIOCESAN GAZETTE
## വരാപ്പുഴ അതിരൂപതാ ഗസറ്റ്

Vol. L - JK 7 | 2017 MAY 15 | No. 7


## PASTORAL LETTER
# വിശ്വാസപരിശീലനം

*യേശുവിൽ പ്രിയ സഹോദര വൈദികരേ,*
*സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

വിശ്വാസദീപം തെളിച്ച് പുതിയ ഒരു മതബോധന അധ്യയന വർഷത്തിന് നാം തുടക്കം കുറിക്കുകയാണല്ലോ. വിശ്വാസപരിശീലനത്തിൽ നമുക്കെല്ലാവർക്കും സുപ്രധാനമായ ഒരു പങ്കുണ്ടെന്ന ഓർമ്മപ്പെടുത്തലോടെ ചില കാര്യങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽകൊണ്ടുവരുവാൻ ഞാൻ ആഗ്രഹിക്കുന്നു.

വളരെ ലളിതമായി പറഞ്ഞാൽ വിശ്വാസം പങ്കുവച്ചുനല്കുന്ന പ്രക്രിയയാണ് മതബോധനം. ദൈവത്തിന്റെ വചനവും കല്പനയും അനുസരിച്ച് ജീവിക്കുവാൻ പുതുതലമുറയെ പരിശീലിപ്പിക്കുക എന്നതാണ് മതബോധനത്തിന്റെ പരമപ്രധാനമായ ലക്ഷ്യം. ബൈബിളിലെ വിശ്വാസസത്യങ്ങൾ മതബോധന ക്ലാസ്സുകളിൽ പാഠ്യവിഷയമാകുമ്പോൾ അത് ബൈബിളിനെ കുടുതൽ ആഴമായി അറിയാനും വിശ്വാസം ശക്തിപ്പെടുത്താനും സഹായിക്കും എന്ന് എനിക്ക് ഉറപ്പുണ്ട്.

## കുടുംബം: വിശ്വാസപരിശീലനത്തിന്റെ പ്രഥമവേദി

ഈ ലോകത്തിലെ ഏറ്റവും പവിത്രമായ സമൂഹത്തിന്റെ ദൈവിക സ്ഥാപിതമായ ജീവകോശമാണ് കുടുംബം. പ്രധാനമായും മാതാപിതാക്കളും മക്കളും ഉൾച്ചേരുന്ന വ്യവസ്ഥാപിതമായ സംവിധാനമാണല്ലോ കുടുംബം. കുടുംബത്തിന്റെ ആനന്ദമായ മക്കൾ ദൈവത്തിന്റെ ദാനമാണ്. ആ മക്കളെ, മാതാപിതാക്കൾ തങ്ങൾ ആഗ്രഹിക്കുന്നത് പോലെയല്ല - ദൈവം ആഗ്രഹിക്കുന്നതുപോലെയാണ് വളർത്തേണ്ടത്. ബാല്യം മുതൽ കുഞ്ഞുങ്ങളെ ദൈവീകമാർഗത്തിൽ ചരിക്കാൻ പഠിപ്പിച്ചാൽ അവരുടെ ഭാവിജീവിതവും ഭദ്രമായിരിക്കും. സുഭാഷിതങ്ങളുടെ പുസ്തകത്തിലെ ഒരു വചനം ഇവിടെ വളരെ പ്രസക്തമാണ്. ശൈശവത്തിൽതന്നെ നടക്കേണ്ട വഴി പരിശീലിപ്പിക്കുക. എങ്കിൽ വാർധക്യത്തിലും അതിൽ നിന്ന് വ്യതിചലിക്കുകയില്ല (സുഭാ. 22.6).

മാതാപിതാക്കളിൽനിന്നുമാണ് മക്കൾ ദൈവവിശ്വാസത്തിന്റെയും മൂല്യബോധത്തിന്റെയും പ്രഥമപാഠങ്ങൾ പഠിക്കുന്നത്. മറ്റു വാക്കുകളിൽ പറഞ്ഞാൽ മാതാപിതാക്കളാണ് മക്കളുടെ ആദ്യത്തെ സുവിശേഷകർ. കുട്ടികളെ യഥാർത്ഥവിശ്വാസത്തിൽ വളർത്തേണ്ട ചുമതല മാതാപിതാക്കൾക്കാണ്. യഥാർത്ഥ വ്യക്തിത്വവികസനവും, വൈകാരികപക്വതയും രൂപപ്പെടുന്നത് കുടുംബങ്ങളിൽ നിന്നാണ്. മാതാപിതാക്കളുടെ മാതൃക കണ്ടാണ് കുട്ടികൾ വളരുന്നത്. കുടുംബം പ്രാർത്ഥനയിൽ ഒന്നിച്ചു കൂടുമ്പോൾ ദൃശ്യതലത്തിൽ അത് ഗാർഹിക സഭയായിത്തീരുന്നു. കുട്ടികൾ വായിക്കുന്ന പുസ്തകം മാതാപിതാക്കളാണ് എന്നാണ് വിശുദ്ധ അഗസ്റ്റിൻ പറഞ്ഞിട്ടുള്ളത്. പ്രിയ മാതാപിതാക്കളേ, നിങ്ങളുടെ കുടുംബപ്രാർത്ഥനയും കൂടെക്കൂടെയുള്ള കൂദാശാസ്വീകരണവും മക്കളുടെ വിശ്വാസജീവിതത്തെ കൂടുതൽ ശക്തിപ്പെടുത്തും.

കുടുംബങ്ങളിൽ മതബോധനത്തിന് പാകമായ ഭക്തിസാന്ദ്രമായ അന്തരീക്ഷം സൃഷ്ടിക്കാൻ ലൗകികതയുടെയും ആഡംഭരത്തിന്റെയും അതിപ്രസരം ഒഴിവാക്കി നമ്മുടെ ജീവിതം ലളിതവും പ്രാർത്ഥനാനിർഭരവുമാക്കാം.

വിശ്വാസപരിശീലന രംഗത്ത് മാതാപിതാക്കളൊടൊപ്പം തന്നെ പ്രധാന പങ്കുവഹിക്കുന്നവരാണ് മതബോധന അധ്യാപകർ. ഫ്രാൻ

സിസ് പാപ്പ പറയുന്നു, മതബോധനം ഒരു ജീവിതശൈലിയാണ്, ജോലിയല്ല. ആകയാൽ സുവിശേഷാധിഷ്ഠിത മൂല്യങ്ങൾക്ക് മുൻഗണന നൽകി ജീവിതം ചിട്ടപ്പെടുത്തുന്നവനായിരിക്കണം ഓരോ മതാധ്യാപകനും. കറപുരളാത്ത നിർമ്മല ജിവിതവും ആഴമായ ദൈവാനുഭവവുമായിരിക്കണം അവരുടെ യോഗ്യതയും ജീവിത സമ്പത്തും. ആകയാൽ ഓരോ ക്ലാസ്സുകളിലേക്കും മതാധ്യാപകരെ തിരഞ്ഞെടുക്കുമ്പോൾ ഇത്തരം കാര്യങ്ങളിൽ ബന്ധപ്പെട്ട വികാരിയച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

വിശ്വാസപരിശീലനം കാര്യക്ഷമമാക്കുന്നതിൽ അധ്യാപക -രക്ഷാകർത്തൃ സമിതിയുടെ പ്രവർത്തനം പ്രശംസനീയമാണ്. സമിതിയുടെ കൂട്ടായ പ്രവർത്തനം വഴി മികച്ച ഭൗതീക സാഹചര്യങ്ങൾ ഒരുക്കുവാനും, പഠനനിലവാരം മെച്ചപ്പെടുത്താനും കഴിയും. സ്മാർട്ട് ക്ലാസ്സ് കാലഘട്ടത്തിന്റെ ഒരനിവാര്യതയാണ്. നവീന പഠനരീതികൾ ഒരുക്കുന്നതിലൂടെ കുട്ടികളിൽ താൽപ്പര്യം ജനിപ്പിക്കാനും, പരിശീലന നിലവാരം കാലാനുസൃതമായി ഉയർത്താനും കഴിയും. ഇക്കാര്യത്തിൽ പി.ടി.എ. അംഗങ്ങളുടെ പ്രത്യേക ശ്രദ്ധ പതിയണമെന്നാഗ്രഹിക്കുന്നു. ഒപ്പം പി.ടി.എ.അംഗങ്ങൾ, ഇടവക അജപാലന സമിതിയുമായി ചേർന്ന് പരസ്പരപൂരകമായി പ്രവർത്തിക്കാനും ഞാൻ ഓർമ്മിപ്പിക്കുന്നു.

## വിശ്വാസപരിശീലനം ആർക്കെല്ലാം?

കുട്ടികളുടെയും, യുവജനങ്ങളുടെയും, മുതിർന്നവരുടെയും വിശ്വാസത്തിലുള്ള പരിശീലനമാണ് മതബോധനം (CCC-5). 12-ാംക്ലാസ്സ് വിജയകരമായി പൂർത്തിയാക്കുന്ന യുവജനങ്ങളെ വിശ്വാസ പക്വതയിലേക്ക് നയിക്കുക എന്ന ലക്ഷ്യത്തോടെ 13-ാം ക്ലാസ്സിൽ യുവജനമതബോധനഗ്രന്ഥം എല്ലാ യൂണിറ്റുകളിലും പഠിപ്പിക്കുന്നതിൽ വീഴ്ച വരുത്തരുത്. ആയതിനുള്ള ക്രമീകരണങ്ങൾ ബഹു. വികാരിയച്ചന്മാർ സജ്ജീകരിക്കണം. ഈ ക്ലാസ്സിന്റെ ഹാജരും മാർക്കും CCFF സർട്ടിഫിക്കറ്റിൽ ചേർക്കേണ്ടതും, വിവാഹഒരുക്ക സെമിനാറിന് വരുമ്പോൾ പരിഗണിക്കേണ്ടതുമാണ്. 13-ാം ക്ലാസ്സ് പൂർത്തിയാക്കുന്ന യുവജനങ്ങൾക്ക് ധാർമ്മിക അടിത്തറയും, ആഴമായ വിശ്വാസവും തികഞ്ഞ സാമൂഹ്യാവബോധവും ഉറപ്പാക്കാൻ ഈ പഠനം സഹായകമാകണം.

നമ്മുടെ അതിരൂപതയിൽ മതബോധനം ചിട്ടയായും സുഗമമായും തുടരേണ്ടതിന് സമയാസമയങ്ങളിൽ നൽകപ്പെടുന്ന നിർദ്ദേ

ശങ്ങൾ പാലിച്ച് മതബോധനരംഗം ശക്തിപ്പെടുത്തേണ്ടതാണ്. ഞായറാഴ്ചകളിൽ മതബോധനം ഒഴിവാക്കിക്കൊണ്ട് മറ്റു പരിപാടികൾക്ക് പ്രാധാന്യം നല്കുന്ന ശൈലി നല്ലതല്ല. നിലവാരമുള്ള അധ്യാപകരെ വാർത്തെടുക്കേണ്ടതിന് യഥാസമയം അതിരൂപത മതബോധന കേന്ദ്രം സംഘടിപ്പിക്കുന്ന പരിശീലന പരിപാടികളിൽ എല്ലാ മതാധ്യാപകരെയും പങ്കെടുപ്പിക്കണമെന്നും അതിനായുള്ള സൗകര്യങ്ങൾ ക്രമീകരിക്കാൻ സഹായിക്കണമെന്നും ഞാൻ ഓർമ്മിപ്പിക്കുന്നു.

കുടുംബത്തിലും പൊതുസ്ഥലങ്ങളിലും കുട്ടികൾ അനുഭവിക്കുന്ന മാനസിക സംഘർഷങ്ങൾക്ക് ആശ്വാസവും അയവും നൽകാനും, അവർ സമൂഹത്തിന്റെ ഒരു കോണിലും ചൂഷണങ്ങൾക്ക് ഇരയാകില്ലെന്ന് ഉറപ്പു വരുത്തുവാനുമായി, ഈ വർഷം അതിരൂപതാ മതബോധന കേന്ദ്രത്തിന്റെ ശുശ്രൂഷയുടെ ഭാഗമായി ഒരു കൗൺസലിംഗ് ടീം രൂപീകരിച്ചിരിക്കുന്നു. ഈ ടീമിന്റെ സേവനം പരമാവധി പ്രയോജനപ്പെടുത്തി കുഞ്ഞുങ്ങളുടെ മാനസിക ആരോഗ്യവും സുരക്ഷിതത്വവും ഉറപ്പുവരുത്തുവാൻ ശ്രദ്ധിക്കുമല്ലോ.

നമ്മുടെ അതിരൂപതയിൽ മതബോധന ശുശ്രൂഷ വളരെ ഭംഗിയായി നിർവ്വഹിക്കുന്ന മതബോധന ഡയറക്ടർ, ഫൊറോന ഡയറക്ടർമാർ, സെക്രട്ടറി, ബഹു. വികാരിയച്ചന്മാർ, പ്രൊമോട്ടർമാർ, മതാധ്യാപകർ, പി.ടി.എ ഭാരവാഹികൾ, അഭ്യുദയകാംക്ഷികൾ എന്നിവർക്ക് ഞാൻ ഹൃദയപൂർവ്വം നന്ദിപറയുകയും അഭിനന്ദിക്കുകയും ചെയ്യുന്നു.

മതബോധന ശുശ്രൂഷ അതിരൂപതയിൽ കൂടുതൽ കാര്യക്ഷമമായും ഫലപ്രദമായും തുടരാൻ നമുക്ക് പരസ്പരം കൈകോർത്ത് മുന്നേറാം.

എനിക്ക് നിങ്ങളോടുള്ള പൈതൃകസ്നേഹത്തിന്റെ അടയാളമായി പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളെ ഹൃദയപൂർവ്വം ഞാൻ ആശീർവദിക്കുന്നു.

എറണാകുളത്ത് നമ്മുടെ അതിമെത്രാസന മന്ദിരത്തിൽ നിന്നും 2017 മെയ് 15-ാം തീയതി.

✠ ***ജോസഫ് കളത്തിപ്പറമ്പിൽ***
വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത

## സർക്കുലർ - 18

*യേശുവിൽ പ്രിയ സഹോദര വൈദികരേ,*
*സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

പരിശുദ്ധപിതാവ് ഫ്രാൻസിസ് പാപ്പായെ സന്ദർശിക്കുന്നതിനായി വരുന്ന ജൂൺ 20-ാം തീയതി ഞാൻ റോമിലേക്ക് പോകുകയാണ്. വിശുദ്ധ പത്രോസിന്റെയും വിശുദ്ധ പൗലോസിന്റെയും തിരുനാൾ ദിനമായ ജൂൺ 29-ാം തീയതി പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ 'പാലിയം' ആശീർവദിക്കുന്ന ദിവ്യബലിയിൽ ഞാൻ സംബന്ധിക്കുന്നതായിരിക്കും.

ഹ്രസ്വമായ ഈ യാത്രയ്ക്കിടയിൽ നമ്മുടെ അതിരൂപതാംഗങ്ങളായ വൈദികരെയും ചില ഗുണകാംക്ഷികളെയും സ്നേഹിതരെയും സന്ദർശിക്കുവാൻ ഞാൻ പരിശ്രമിക്കുന്നുണ്ട്. എന്റെ യാത്രയുടെ ഉദ്ദേശ്യങ്ങൾ സഫലമാകുന്നതിനും സസുഖം നിങ്ങളുടെ മധ്യേ തിരിച്ചെത്തുന്നതിനും ആവശ്യമായ അനുഗ്രഹങ്ങൾക്കായി സർവ്വശക്തനായ ദൈവത്തോടും നമ്മുടെ അമ്മയായ പരിശുദ്ധ മറിയത്തോടും നമ്മുടെ അതിരൂപതയുടെ മധ്യസ്ഥനായ വി. യൗസേപ്പിതാവിനോടും എനിക്കുവേണ്ടി നിങ്ങൾ പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

എന്റെ അസാന്നിധ്യത്തിൽ നമ്മുടെ വികാരി ജനറലായ പെരിയ ബഹുമാനപ്പെട്ട മോൺ. മാത്യു കല്ലിങ്കൽ അതിരൂപതാ ഭരണം നിർവ്വഹിക്കുന്നതായിരിക്കും. അതിന് ആവശ്യമായ എല്ലാ അധികാരങ്ങളും ഞാൻ അദ്ദേഹത്തിന് നൽകിയിട്ടുണ്ട്. തന്റെ കടമ ഭംഗിയായും സുഗമമായും നിർവ്വഹിക്കുന്നതിന് എല്ലാവരും അദ്ദേഹത്തോടൊത്ത് സഹകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയും നിങ്ങളെ ഉദ്ബോധിപ്പിക്കുകയും ചെയ്യുന്നു.

എനിക്ക് നിങ്ങളോടുള്ള പൈതൃകസ്നേഹത്തിന്റെ അടയാളമായി പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളെ ഹൃദയപൂർവ്വം ഞാൻ ആശീർവദിക്കുന്നു.

എറണാകുളത്ത് നമ്മുടെ അതിമെത്രാസന മന്ദിരത്തിൽ നിന്നും 2017 മെയ് 15-ാം തീയതി.

✠ ***ജോസഫ് കളത്തിപ്പറമ്പിൽ***
വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത

## സർക്കുലർ – 19

*യേശുവിൽ പ്രിയ സഹോദര വൈദികരേ,*

ലത്തീൻ ആരാധനക്രമത്തിലെ അനുഷ്ഠാനങ്ങൾ ലോകമെങ്ങും ഒരേ രീതിയിൽ നടപ്പിലാക്കേണ്ടതാണ്. എന്നാൽ ദിവ്യബലിസമയത്തുള്ള ശരീരഭാഷയും ആംഗ്യങ്ങളും നമ്മുടെ അതിരൂപതയിൽ ഇപ്പോഴും ഒരേരീതിയിലല്ല നടപ്പിലുള്ളത്. അതിനാൽ തൊട്ടടുത്ത ദൈവാലയങ്ങളിൽപോലും ദിവ്യബലിയർപ്പണത്തിനെത്തുന്ന വിശ്വാസികൾക്ക് ആശയക്കുഴപ്പം സംഭവിക്കാറുണ്ട്. കേരള ലത്തീൻ മെത്രാൻ സമിതി തീരുമാനിച്ച ദിവ്യബലിസമയത്തുള്ള ശരീരഭാഷയും ആംഗ്യങ്ങളും നമ്മുടെ എല്ലാ ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും നടപ്പിൽ വരുത്തേണ്ടത് ലിറ്റർജിയിലെ ആശയക്കുഴപ്പങ്ങൾ ഒഴിവാക്കാൻ ആവശ്യമാണ്.

- ✦ പ്രവേശന പ്രദക്ഷിണം മുതൽ സമാഹരണ പ്രാർത്ഥന കഴിയുന്നതുവരെ എല്ലാവരും നില്ക്കുന്നു.
- ✦ ഒന്നാം വായന മുതൽ ഹല്ലേലൂയയ്ക്ക് മുൻപുവരെ ഇരിക്കുക.
- ✦ ഹല്ലേലൂയ മുതൽ വിശ്വാസികളുടെ പ്രാർത്ഥന സമാപിക്കുന്നതുവരെ നില്ക്കുന്നു.
- ✦ സുവിശേഷ പ്രസംഗമുള്ളപ്പോൾ ജനം ഇരിക്കുന്നു.
- ✦ കാഴ്ചവയ്പുസമയം, ഒരുക്കസമർപ്പണം തുടങ്ങിയ സമയങ്ങളിൽ ജനം ഇരിക്കുക.
- ✦ ധൂപാർപ്പണമുള്ളപ്പോൾ ജനങ്ങളെ ധൂപിക്കുമ്പോഴും ധൂപാർപ്പണമില്ലാത്തപ്പോൾ 'സഹോദരങ്ങളെ എന്റെയും നിങ്ങളുടെയും ബലി...' എന്ന പുരോഹിതന്റെ ആഹ്വാനം മുതൽ പരിശുദ്ധൻ അവസാനിക്കുന്നതുവരെ ജനം നില്ക്കുന്നു.
- ✦ സ്തോത്രയാഗപ്രാർഥന മുതൽ സമാപനസ്തുതി ഗീതം (doxology) വരെ ജനം മുട്ടുകുത്തുന്നു.
- ✦ കർത്തൃപ്രാർത്ഥനയ്ക്കായുള്ള ക്ഷണം മുതൽ ദിവ്യകാരുണ്യ സ്വീകരണം വരെ എല്ലാവരും നില്ക്കുന്നു. ('ഇതാ ദൈവത്തിന്റെ കുഞ്ഞാട്...' എന്ന പ്രാർത്ഥനയുടെ സമയം മുട്ടുകുത്തേണ്ടതില്ല.)

- ✦ ദിവ്യകാരുണ്യ സ്വീകരണത്തിനുശേഷം മുട്ടുകുത്തിനിന്നോ ഇരുന്നുകൊണ്ടോ കൃതജ്ഞതാപ്രകാശനം നടത്തുകയോ ദിവ്യകാരുണ്യഗീതം ആലപിക്കുകയോ ചെയ്യുന്നു.
- ✦ ദിവ്യഭോജനാനന്തര പ്രാർത്ഥനസമയത്ത് എല്ലാവരും എഴുന്നേറ്റു നില്ക്കുന്നു.
- ✦ അറിയിപ്പുകളുടെ സമയത്ത് ഇരിക്കുന്നു.
- ✦ സമാപനാശീർവാദം മുതൽ സമാപനഗാനം തീരുംവരെ നില്ക്കുന്നു.

ഈ നിർദ്ദേശങ്ങൾ നമ്മുടെ എല്ലാ ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും നടപ്പിൽ വരുത്തി ദിവ്യബലിയർപ്പണത്തിലെ ഏകീകരണത്തിനായി ശ്രദ്ധിക്കണമെന്ന് ഞാൻ ഓർമ്മിപ്പിക്കുന്നു.

എറണാകുളത്ത് നമ്മുടെ അതിമെത്രാസനമന്ദിരത്തിൽ നിന്ന് 2017 മെയ് 15-ാം തീയതി.

✠ ***ജോസഫ് കളത്തിപ്പറമ്പിൽ***
വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത

## സർക്കുലർ – 20

# 51–ാം ലോക സമ്പർക്ക മാധ്യമദിനം

*യേശുവിൽ പ്രിയ സഹോദര വൈദികരേ,*
*സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

ഈ വർഷം മാധ്യമദിനം ഭാരതമൊട്ടാകെ ആഘോഷിക്കുന്നത് ജൂൺ 4–ാം തീയതി ഞായറാഴ്ചയാണ്. ലോകസമ്പർക്ക മാധ്യമ ദിനത്തോടനുബന്ധിച്ച് ഫ്രാൻസിസ് പാപ്പ നല്കുന്ന സന്ദേശം ഇതോടൊപ്പം അയക്കുന്നു. **ഈ സന്ദേശത്തിലെ ആശയങ്ങൾ 2017 ജൂൺ 4–ാം തീയതി ദിവ്യബലി മദ്ധ്യേ സംക്ഷിപ്തമായി വിശ്വാസികളോട് പങ്കുവയ്ക്കേണ്ടതാണ്.**

മാധ്യമദിനത്തിലെ ദിവ്യബലി സമയത്ത് കെ.സി.ബി.സി മാധ്യമ കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി മാധ്യമദിന സ്തോത്രക്കാഴ്ച പതിവുപോലെ എടുക്കണമെന്നും ആ തുക അതിരൂപത കച്ചേരിയിൽ ഏൽപിക്കേണ്ടതാണെന്നും പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

എറണാകുളത്ത് നമ്മുടെ അതിമെത്രാസനമന്ദിരത്തിൽ നിന്ന് 2017 മെയ് 15–ാം തീയതി.

✠ ***ജോസഫ് കളത്തിപ്പറമ്പിൽ***
വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത

## 51–ാമത് ലോകസമ്പർക്ക മാധ്യമദിനത്തോടനുബന്ധിച്ച് ഫ്രാൻസിസ് പാപ്പാ നല്കുന്ന സന്ദേശം

# സമകാലീന ലോകത്തിൽ പങ്കുവയ്ക്കപ്പെടേണ്ട പ്രത്യാശയും ആത്മവിശ്വാസവും.

**"ഭയപ്പെടേണ്ട ഞാൻ നിന്നോടുകൂടെയുണ്ട്" (ഏശ 43:5)**

ആശയവിനിമയത്തിനുള്ള മാധ്യമങ്ങളുടെ വർധിച്ച സംലഭ്യത ലോകമെമ്പാടുമുള്ള ജനങ്ങൾക്ക് വാർത്തകൾ ക്ഷണനേരം കൊണ്ടു പങ്കുവയ്ക്കുന്നതിനും അവയെ വ്യാപകമായി പ്രചരിപ്പിക്കുന്നതിനും സാധ്യത നൽകുന്നുണ്ട്. ആ വാർത്തകൾ നല്ലതോ, മോശമോ, ശരിയോ തെറ്റോ ആകാം. സഭാപിതാക്കന്മാർ മനുഷ്യമനസ്സിനെ, തുടർച്ചയായി ധാന്യമരയ്ക്കുന്ന കല്ലിനോടു താരതമ്യപ്പെടുത്തിയിരുന്നു. നല്ല ധാന്യമാണോ വിലയില്ലാത്ത പതിരാണോ അരയ്ക്കപ്പെടുക എന്നത് അരയ്ക്കുന്നവന്റെ തീരുമാനമനുസരിച്ചിരിക്കും. നമ്മുടെ മനസ്സ് എപ്പോഴും ഈ പ്രവൃത്തിയിലാണ്. എന്താണ് അവയിലേക്ക് ഇട്ടു കൊടുക്കുന്നത് എന്നത് നമ്മുടെ തീരുമാനത്തെ ആശ്രയിച്ചിരിക്കുന്നു.

ഈ സന്ദേശം, അനുദിനം വാർത്തകൾ തയ്യാറാക്കുന്നവർക്ക്, അവർ മാധ്യമരംഗത്ത് ഉദ്യോഗത്തിലിരിക്കുന്നവരോ, വ്യക്തിസൗഹൃദബന്ധങ്ങളിലുള്ളവരോ ആകട്ടെ, അവർക്കുള്ളതാണ്. മറ്റുള്ളവരുടെ നേരേയുള്ള മുൻവിധികളെ ഒഴിവാക്കിയും സമാഗമസംസ്കാരത്തെ പോഷിപ്പിച്ചും സൃഷ്ടിപരമാക്കുന്ന ആശയവിനിമയത്തിൽ വ്യാപൃതരായിരിക്കുന്ന, നമുക്കു ചുറ്റുമുള്ള ലോകത്തെ യാഥാതഥമായും വിശ്വസ്തതയോടെയും കാണുന്നതിനു സഹായിക്കുന്ന, എല്ലാവരെയും പ്രോത്സാഹിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

### തിന്മയ്ക്കെതിരേയുള്ള പോരാട്ടത്തിൽ മാധ്യമങ്ങൾ

ഉത്കണ്ഠയുടെ ദൂഷിതവലയത്തെയും, മോശമായ വാർത്തകളിൽ നിരന്തരമായി ശ്രദ്ധകേന്ദ്രീകരിക്കുന്നതിൽ നിന്നുളവാകുന്ന ഭയപ്പാടിന്റെ വികാരങ്ങളെയും ഭേദിക്കേണ്ടവരാണെന്ന ബോധ്യമുള്ളവരാണ് നാം. മാനവസഹനത്തിന്റെ ദുരന്തങ്ങളെ അവഗണിക്കണമെന്നോ, തിന്മയുടെ പ്രലോഭനങ്ങൾക്കു നേരേ അന്ധമായ ശുഭാപ്തിവിശ്വാസം പുലർത്തണമെന്നോ ഉള്ള ദുർവ്യാഖ്യാനവുമായി ഇപ്പറഞ്ഞതിനു യാതൊരു ബന്ധവുമില്ല. ഉപരിയായി, ഞാൻ നിർദ്ദേശിക്കു

ന്നത്, ചില സമയങ്ങളിൽ, നമ്മിൽ അസംതൃപ്തിയുടെയും കീഴട ങ്ങലിന്റെയും വളർന്നുവരുന്ന വികാരങ്ങളാൽ ജനിപ്പിക്കപ്പെടുന്ന നിർവികാരതയെയും ഭയത്തെയും, തിന്മയ്ക്കതിരില്ല എന്ന വിചാര ത്തെയും അതിജീവിക്കാൻവേണ്ടി നാം പരിശ്രമിക്കണമെന്നാണ്. എല്ലാ റ്റിനുമുപരി, നല്ല വാർത്തകൾ ഒരിക്കലും മാർക്കറ്റ് ചെയ്യപ്പെടുകയില്ല എന്നും, മാനവസഹനത്തിന്റെ ദുരന്തവും തിന്മയുടെ രഹസ്യവും ഏറ്റ വുമെളുപ്പത്തിൽ വിനോദിപ്പിക്കുന്നതായി മാറുമെന്നും വിചാരിക്കുന്ന ഒരു വാർത്താവിനിമയ വ്യവസായരംഗത്ത്, ഒന്നുകിൽ നമ്മുടെ മന സ്സാക്ഷി മന്ദിക്കുന്നതിനോ, അല്ലെങ്കിൽ ലോകം മുഴുവൻ തിന്മയാ ണെന്ന വീക്ഷണത്തിലേക്കു വീണുപോകുന്നതിനോ ഉള്ള പ്രലോ ഭനം എല്ലായ്പോഴുമുണ്ടാകാമെന്നു മനസ്സിലാക്കേണ്ടതാണ്.

തുറവിയുള്ളതും ക്രിയാത്മകവുമായ ഒരു വാർത്താവിനിമയ ശൈലിയ്ക്ക്, അതായത്, ഒരിക്കലും തിന്മയെ മഹത്വവത്കരിക്കാതെ, അതിനു പരിഹാരം കാണുന്നതിൽ ശ്രദ്ധകേന്ദ്രീകരിക്കുന്നതിന്, ഭാവാ ത്മകവും ഉത്തരവാദിത്വപൂർണവുമായ സമീപനം സ്വീകർത്താക്കളുടെ ഭാഗത്തുനിന്നുണ്ടാകുന്നതിന് അവർക്ക് പ്രചോദനം നൽകുന്നതിന് അന്വേഷിക്കുന്ന ഒരു വാർത്താവിനിമയ ശൈലിയ്ക്ക് പ്രചോദനമേ കാനാണ് ഞാനാഗ്രഹിക്കുന്നത്.

**നന്മയുടെ പ്രചാരകരാകേണ്ട മാധ്യമങ്ങൾ**

ജീവിതമെന്നത് ക്രമാനുഗതമായ സംഭവങ്ങളുടെ ആകെത്തു കയല്ല, മറിച്ച്, ചരിത്രമാണ്. തെരഞ്ഞെടുക്കുന്ന ഒരു വ്യാഖ്യാനപര മായ ലെൻസിലൂടെ നോക്കി ഏറ്റവും പ്രസക്തമായ അടിസ്ഥാനവിവ രങ്ങളെ വിവേചിക്കുകയും സ്വരുക്കൂട്ടുകയും ചെയ്യുന്നതിനു കാത്തി രിക്കുന്ന ഒരു ചരിത്രമാണത്. അതിനുള്ളിലും അതിനോടും യാഥാർഥ്യ ത്തിന് വ്യക്തമായ ബന്ധമുണ്ടാകണമെന്നില്ല. എല്ലാകാര്യങ്ങളും നാം അതിനെ നോക്കിക്കാണുന്ന രീതിയെ ആശ്രയിച്ചിരിക്കും, ഏതു കണ്ണ ടയിലൂടെയാണോ നാം വീക്ഷിക്കുന്നത് എന്നതിനെ ആശ്രയിച്ചാണ തിന് അർഥം കൈവരിക. ആ കണ്ണട നാം മാറ്റിയാൽ, യാഥാർഥ്യം മറ്റൊന്നായി പ്രത്യക്ഷമാകും. അതിനാൽ, എങ്ങനെയാണ് നാം ശരി യായ ലെൻസിലൂടെ നോക്കി യാഥാർഥ്യത്തെ വായിക്കുവാൻ ആരം ഭിക്കുക?

ക്രൈസ്തവരായ നമുക്ക്, ആ ലെൻസ് സുവിശേഷമാണ്. അതി ശ്രേഷ്ഠമായ സുവിശേഷത്തിന്റെ ആരംഭത്തിൽ രേഖപ്പെടുത്തിയതു പോല, ദൈവപുത്രനായ യേശുക്രിസ്തുവിന്റെ സുവിശേഷമാണ് (മർക്കോസ് 1:1). യേശുവിനെക്കുറിച്ചുള്ള സുവിശേഷം ആണെന്നല്ല, അതിലുപരി, സുവിശേഷം, യേശുതന്നെയാണ് എന്നാണ് അത് അർഥ മാക്കുക. തീർച്ചയായും, സുവിശേഷത്തിന്റെ ഓരോ പേജും വായിക്കു മ്പോൾ നാം മനസ്സിലാക്കും, ഈ ശീർഷകം അതിന്റെ ഉള്ളടക്കത്തിന് അനുസൃതമാണെന്നും, എല്ലാറ്റിനുമുപരി, ഈ ഉള്ളടക്കം യേശുവെന്ന വ്യക്തിയല്ലാതെ മറ്റൊന്നുമല്ല എന്നും.

**യേശുവാകുന്ന സദ്‌വാർത്ത**

യേശുവാകുന്ന ഈ സദ്‌വാർത്ത നല്ല വാർത്തയെന്നു വിളിക്കാ നാവാത്ത വിധം സഹനത്തിന്റേതാണ്. സഹനത്തെ കുറെക്കൂടി വലി യൊരു ചിത്രത്തിന്റെ ഭാഗമാക്കിയിരിക്കുകയാണ്. അത് യേശുവിന് തന്റെ പിതാവിനോടും മനുഷ്യകുലം മുഴുവനോടുമുള്ള സ്നേഹത്തിന്റെ സമഗ്രതയുടെ ഭാഗമാണ്. ക്രിസ്തുവിൽ, ദൈവം ഓരോ മാനവസാ ഹചര്യത്തോടുമുള്ള ഐക്യദാർഢ്യം പ്രകടിപ്പിക്കുകയായിരുന്നു. അവി ടുന്നു പറയുന്നു, നാം ഒരിക്കലും തനിയേ അല്ല, എന്തെന്നാൽ, തന്റെ മക്കളെക്കുറിച്ച് നിരന്തരജാഗ്രതയുള്ള ഒരു പിതാവു നമുക്കുണ്ട്. 'ഭയ പ്പെടേണ്ട, എന്തെന്നാൽ ഞാൻ നിങ്ങളോടുകൂടെയുണ്ട്' (ഏശ 43:5). ഇതാണ്, തന്റെ ജനത്തിന്റെ ചരിത്രത്തിൽ പൂർണമായി ആമഗ്നനായി രിക്കുന്ന ദൈവത്തിന്റെ വാക്കുകൾ. അവിടുത്തെ പ്രിയപുത്രനിൽ, ഈ ദൈവികവാഗ്ദാനം - ഞാൻ നിങ്ങളോടുകൂടെയുണ്ടായിരിക്കും എന്ന വാഗ്ദാനം- നമ്മുടെ എല്ലാ ബലഹീനതകളെയും, നമ്മുടെ മര ണത്തെപ്പോലും ആശ്ലേഷിച്ചു. ക്രിസ്തുവിൽ, അന്ധകാരവും മരണവും, പ്രകാശത്തെയും ജീവനെയും കണ്ടുമുട്ടുന്ന ബിന്ദുവായിത്തീർന്നു. പ്രതീക്ഷ ജനിച്ചു, എവിടെ ജീവൻ, പരാജയത്തിന്റെ കയ്പ് കണ്ടുമു ട്ടുന്നുവോ ആ പാതയെ കുറുകെ കടക്കുന്ന എല്ലാവർക്കും അത് ജീവൻ നൽകുന്ന പ്രതീക്ഷയുടെ പാതയായി. ആ പ്രതീക്ഷ നിരാശപ്പെടു ത്തുകയില്ല, എന്തെന്നാൽ ദൈവത്തിന്റെ സ്നേഹം നമ്മുടെ ഹൃദയ ങ്ങളിലേക്കു ചൊരിയപ്പെടുകയും (റോമാ 5:5) മണ്ണിൽ വീണ വിത്തിൽ നിന്നു മുളപൊട്ടുന്നതുപോലെ, നവജീവൻ പ്രാപിക്കുകയും ചെയ്യുന്നു. ഈ വെളിച്ചത്തിൽ നാം വീക്ഷിക്കുമ്പോൾ, ലോകചരിത്രത്തിൽ പുതി യതായി സംഭവിക്കുന്ന ഓരോ ദുരന്തവും സുവിശേഷത്തിനുള്ള ഒരു

രംഗസംവിധാനമായിത്തീരും - അരികിലെത്തുന്നതിനും, അനുകമ്പാർദ്രമായ ഹൃദയം ഉയരുന്നതിനും, ദൃഢനിശ്ചയമുള്ള മുഖങ്ങളും കരങ്ങളും പുനഃനിർമിതിയ്ക്കായി തയ്യാറാകുന്നതിനും സ്നേഹത്തിന്റെ പുതിയ വഴി കണ്ടെത്താനും അത് ഇടയാക്കും.

**ദൈവരാജ്യത്തിന്റെ വിത്തിൽ ദൃഢവിശ്വാസമുണ്ടായിരിക്കുക**

ഈ സുവിശേഷ മാനസികാവസ്ഥ അവിടുത്തെ ശിഷ്യരിലും ജനക്കൂട്ടത്തിലും അവതരിപ്പിക്കുന്നതിനും, മരിക്കുകയും ഉയിർക്കുകയും ചെയ്യുന്ന സ്നേഹത്തെ കാണുന്നതിനും പുൽകുന്നതിനും ആവശ്യമായ ശരിയായ ലെൻസു അവർക്കു നൽകുന്നതിന് യേശു ഉപമകൾ ഉപയോഗിച്ചു. അവിടുന്ന് ദൈവരാജ്യത്തെ, മണ്ണിൽ വീഴുമ്പോൾ അഴിയുകയും ജീവനെ പുറപ്പെടുവിക്കുകയും ചെയ്യുന്ന ഒരു വിത്തിനോട് കൂടെക്കൂടെ താരതമ്യപ്പെടുത്തുന്നുണ്ട് (മർക്കോ 4:1-34). ഈ പ്രതീക, രൂപകപ്രയോഗങ്ങളിലൂടെ, ദൈവരാജ്യത്തിന്റെ നിശ്ശബ്ദമായ ശക്തിയെന്ന ആശയത്തെ സംവേദിപ്പിക്കുമ്പോൾ, അതിന്റെ അടിയന്തിര പ്രാധാന്യത്തെ അവ കുറച്ചുകളയുന്നില്ല. ശ്രവിക്കുന്നവന് സ്വതന്ത്രമായി സ്വീകരിക്കാനും ആ ശക്തി സ്വായത്തമാക്കാനും ഇടമൊരുക്കുന്ന കാരുണ്യപൂർണമായ മാർഗമാണത്. പെസഹാരഹസ്യത്തിന്റെ അപരിമേയമായ മേന്മയെ പ്രകടമാക്കുന്ന, കേവല സങ്കല്പങ്ങളിലൂടെയല്ലാതെ, പ്രതീകങ്ങളിലൂടെ ജീവച്ചിത്രങ്ങൾ വിരചിച്ചുകൊണ്ട് ക്രിസ്തുവിലൂടെയുള്ള പുതിയ ജീവന്റെ വൈരുധ്യാത്മകസൗന്ദര്യത്തെ ഏറ്റവും ഫലപ്രദമായി വിനിമയം നടത്താൻ കഴിയുന്ന വഴിയുമാണ് അത്. ഈ ജീവിതത്തിൽ പ്രയാസങ്ങളും കുരിശുകളും പ്രതിബന്ധം സൃഷ്ടിക്കുകയല്ല, മറിച്ച്, ദൈവത്തിന്റെ രക്ഷയെ ആനയിക്കുകയാണ്. ഏതൊരു മാനുഷികശക്തിയെക്കാളും ബലവത്തായതാണ് ബലഹീനത എന്ന് അവ തെളിയിക്കുന്നു. പരാജയം, സ്നേഹത്തിൽ എല്ലാറ്റിനെയും പൂർണമാക്കുന്നതിന്റെ നാന്ദികുറിക്കലായി മാറുന്നു. ദൈവരാജ്യത്തിന്റെ പ്രതീക്ഷ പരിപക്വമാകുന്നതും ആഴപ്പെടുന്നതും ഇങ്ങനെയാണ്: ഇത് “ഒരുവൻ ഭൂമിയിൽ വിത്തു വിതയ്ക്കുന്നതിനു സദൃശം. അവൻ രാവും പകലും ഉറങ്ങിയും ഉണർന്നും കഴിയുന്നു. വിത്തുകൾ പൊട്ടിമുളച്ചു വളരുന്നു” (മർക്കോ 4:26-27).

ദൈവരാജ്യം എളുപ്പത്തിൽ അവഗണിക്കപ്പെടാവുന്ന ഒരു വിത്തുപോലെ, നമ്മുടെ ഇടയിൽ മുമ്പേതന്നെ സന്നിഹിതമാണ്, എന്നാൽ

നിശ്ശബ്ദമായി അതു വേരുറയ്ക്കുന്നു. ആർക്കൊക്കെ പരിശുദ്ധാരൂപി ബുദ്ധികൂർമതയുള്ള വീക്ഷണം നൽകുന്നുവോ അവർക്ക് അതു വിക സിക്കുന്നതു കാണാൻ കഴിയും. അതോടൊപ്പം മുളച്ചുപൊങ്ങിവരുന്ന കളകളുടെ കാഴ്ചയാൽ അവർ അവരിലെ രാജ്യത്തിന്റെ സന്തോഷം തങ്ങളിൽനിന്ന് മോഷ്ടിക്കപ്പെടാൻ ഇടയാക്കുകയില്ല.

**അരൂപിയുടെ ചക്രവാളങ്ങൾ**

നമ്മുടെ പ്രതീക്ഷയായ സുവിശേഷത്തിലെ യേശു നമ്മുടെ കണ്ണുകളെ സ്വർഗാരോപിതനായ കർത്താവിങ്കലേക്ക് ഉയർത്താൻ ആരാധനാക്രമാഘോഷത്തിലൂടെ സഹായിക്കുന്നു. ഇപ്പോൾ കർ ത്താവ് അകലെയാണെന്നു നമുക്കു തോന്നുന്നുവെങ്കിലും, പ്രതീക്ഷ യുടെ ചക്രവാളങ്ങൾ കൂടുതലായി വ്യാപ്തിയുള്ളതാവുകയാണിവിടെ. നമ്മുടെ മാനുഷികപ്രകൃതിയെ സ്വർഗത്തിലേക്കെത്തിക്കുന്ന ക്രിസ്തു വിൽ, ഒരുവന് സ്വാതന്ത്ര്യത്തോടെ യേശുവിന്റെ രക്തംമൂലം വിശുദ്ധ സ്ഥലത്തേക്കു പ്രവേശിക്കാൻ മനോധൈര്യമുണ്ടാകുന്നു. എന്തെന്നാൽ തന്റെ ശരീരമാകുന്ന വഴിയിലൂടെ അവൻ നമുക്കായി നവീകൃതവും സജീവവുമായ ഒരു പാത തുറന്നു തന്നിരിക്കുന്നു (ഹെബ്രാ 10:19-20). "പരിശുദ്ധാത്മാവിന്റെ ശക്തിയാൽ", സാക്ഷികളും നവീനവും രക്ഷി ക്കപ്പെട്ടതുമായ മാനവകുലത്തിന്റെ സംവേദകരും ആയിത്തീരാൻ, ലോക ത്തിന്റെ അവസാനംവരെയും നമുക്കു കഴിയും.

ദൈവരാജ്യത്തിന്റെ വിത്തിലുള്ള ദൃഢവിശ്വാസവും, ഉത്ഥാന ത്തിന്റെ രഹസ്യവും നമ്മുടെ ആശയവിനിമയത്തിന്റെ വഴികൾക്കു രൂപം നൽകേണ്ടതുണ്ട്. ഈ ആത്മവിശ്വാസം - ഇന്ന് വാർത്താ വിനി മയം നിർവഹിക്കപ്പെടുന്ന എല്ലാ വിവിധ മാർഗങ്ങളിൽകൂടിയും - എല്ലാ ചരിത്രത്തിലും ഓരോ വ്യക്തിയുടെ വദനത്തിലും സുവിശേഷം സന്നിഹിതമാണെന്നത് തിരിച്ചറിയാനും, എടുത്തുകാട്ടാനും കഴിയു മെന്നുള്ള ബോധ്യത്തോടുകൂടി, നമ്മുടെ ദൗത്യം നിർവഹിക്കുന്നതിനു നമ്മെ പ്രാപ്തരാക്കുന്നു.

വിശ്വസിക്കുന്നവർ പരിശുദ്ധാരൂപിയുടെ നയിക്കലിനു തങ്ങളെ ത്തന്നെ ഭരമേൽപ്പിച്ചുകൊണ്ട്, എങ്ങനെയാണ് ദൈവം നമ്മുടെയിട യിൽ സന്നിഹിതനായിരിക്കുന്നതെന്നും ഓരോ നിമിഷവും നമ്മുടെ ജീവിതങ്ങളിലും ചരിത്രത്തിലും പ്രവർത്തിക്കുന്നതെന്നുമുള്ള തിരി ച്ചറിവിലേക്കു വരികയും ക്ഷമയോടുകൂടി രക്ഷാകരരഹസ്യത്തിലേ

ക്കെത്തിക്കുകയും ചെയ്യുന്നു. വിശുദ്ധ ചരിത്രം നെയ്യപ്പെട്ടിരിക്കുന്നത് പ്രതീക്ഷയുടെ ഇഴകൾകൊണ്ടാണ്; അതു നെയ്യുന്നവൻ, ആശ്വാസ പ്രദനായ പരിശുദ്ധാത്മാവ് അല്ലാതെ മറ്റാരുമല്ല. പ്രത്യാശയാണ് പുണ്യ ങ്ങളിൽ ഏറ്റവും വിനയമാർന്നത്. കാരണം, അത് ജീവിതത്തിന്റെ ഒഴിഞ്ഞകോണിൽ മറഞ്ഞിരിക്കുന്നു, എങ്കിലും അത് പിണ്ഡം മുഴുവ നെയും പുളിപ്പിക്കുന്ന പുളിമാവു പോലെയാണ്. എന്നെന്നും പുതു മയാർന്ന, ഈ ലോകത്തിൽ ദൈവസ്നേഹത്തിന്റെ ഐക്കണുകളാ യിത്തീർന്ന വിശുദ്ധരിൽ വീണ്ടും മുദ്രണം ചെയ്യപ്പെട്ട് നിരവധി പതി പ്പുകളായിത്തീർന്നിരിക്കുന്ന, സുവിശഷത്തിന്റെ വായനയാൽ അതു പരിപോഷിപ്പിക്കപ്പെടണം. ഇന്നും, അരൂപി ദൈവരാജ്യത്തിനുവേണ്ടി യുള്ള ആഗ്രഹം നമ്മിൽ തുടർച്ചയായി വിതയ്ക്കുന്നുണ്ട്. നമ്മുടെ കാലഘട്ടത്തിലെ നാടകീയസംഭവങ്ങളുടെ മധ്യത്തിലും സുവിശേഷ ത്തിൽ നിന്നും പ്രചോദനം സ്വീകരിക്കുന്ന, ലോകത്തിന്റെ ഇരുളിലും പ്രകാശരശ്മികൾപോലെ പ്രഭയേകുന്ന, പാതയിലുടനീളം വെളിച്ചം പ്രസരിപ്പിക്കുന്ന, ആത്മവിശ്വാസത്തിന്റെയും പ്രത്യാശയുടെയും നവ വീഥി എക്കാലവും തുറക്കുന്ന ഏവർക്കും നന്ദി.

വത്തിക്കാനിൽനിന്നും

✠ **ഫ്രാൻസിസ് പാപ്പാ**

## CIRCULAR - 21

# ANNUAL RETREAT FOR PRIESTS

( July 16 - 28, 2017)

Dear Reverend Fathers,

The Annual Retreat for the priests of our Archdiocese will be conducted in Ashirbhavan, Ernakulam, as usual in two sessions in the order given below.

The first session of the retreat will begin in the evening of July 16 to 21 , 2017 and the second in the evening of July 23 to July 28, 2017. **Rev. Fr. Joseph Puthenpurakal, OFM Cap.** has kindly consented to preach the retreat this year.

**Please note your name in the list and in case there is a serious reason for you to change from one batch to the other, please inform Archdiocesan Curia latest by June 30, 2017.**

The Rev. Parish Priests, who leave their parish for the annual retreat, during their absence, shall entrust the care of the parish either to the Assistant Priest, if there is one, or to the priests of the neighbouring parish. I hereby grant necessary faculties to such priests as far as they may need.

The Rev. Fathers may inform the faithful about the annual retreat of the clergy and exhort them to pray for the sanctification of their pastors and all the priests of the Archdiocese.

In accordance with Canon 958/2 the Mass intention books are to be inspected by the Ordinary. Hence all the Rev. Fathers are requested to present their Mass Diaries during the days of retreat for examination. Rev. Fathers whose faculties for hearing confessions expired are hereby reminded to get their faculties duly extended without any break.

With cordial blessings,

Ernakulam
15.05.2017

✠ **Joseph Kalathiparambil**
Archbishop of Verapoly

# ANNUAL RETREAT 2017

**July 16 - 21**

**First Batch**

1. Msgr. Mathew Kallinkal
2. Msgr. Antony Kalathiveettil
3. Msgr. Cletus Parambaloth
4. Msgr. Joseph Etturuthil
5. Msgr. Joseph Padiyaramparambil
6. Msgr. Sebastian Luiz
7. Fr. Alex Kurisuparambil
8. Fr. Alphonse Panakal
9. Fr. Anton Oliparambil
10. Fr. Antony Arackal (Sr.)
11. Fr. Antony Karippatt
12. Fr. Antony Kocherry
13. Fr. Antony Koppandussery
14. Fr. Antony Lijo Odathakal
15. Fr. Antony Shine Kattuparambil
16. Fr. Antony Thomas Thyparambil
17. Fr. Antony Valumkal
18. Fr. Antony Vibin Xavier Velikkakath
19. Fr. Augustine Roshan Kalloor
20. Fr. Augustine Shelbin Variath
21. Fr. Benson George Alappatt
22. Fr. Bijoy Augustine Marottickal
23. Fr. Denny Mathew Peringat

24. Fr. Denny Palackaparambil
25. Fr. Francis Dixon Fernandez
26. Fr. Francis Koikaranparambil
27. Fr. Francis Marottikaparambil
28. Fr. George Arackal
29. Fr. George Jobin Ourev
30. Fr. George Kalathiparambil
31. Fr. George Kuruppath
32. Fr. George Mangalath
33. Fr. Gino George Kadungamparambil
34. Fr. Jacob Baiju Ben Pashniparambil
35. Fr. James Shaiju Thoppil
36. Fr. Jayan Payyappilly
37. Fr. Jenin Antony Marottiparambil
38. Fr. Jenson Livera Ithithara
39. Fr. Jerome Chamminikodath
40. Fr. Jibin George Mathirappilly
41. Fr. Job Kundony
42. Fr. John Capistan Lopez
43. Fr. John Kanakassery
44. Fr. John Palliparambil
45. Fr. Johnson D'Cunha
46. Fr. Joji Kuthukatt
47. Fr. Jolly George Chackalackal
48. Fr. Jolly John Odathackal
49. Fr. Jose Dominic Chooreparambil

50. Fr. Jose Thannipilly
51. Fr. Josemon George Pazhanilath
52. Fr. Joseph Biju Kalloor
53. Fr. Joseph Biju Thattarassery
54. Fr. Joseph Chelat
55. Fr. Joseph Joshy Nedumparambil
56. Fr. Joseph Karikkassery
57. Fr. Joseph Panikkassery.
58. Fr. Joseph Sangeeth Adichiyil
59. Fr. Joseph Sherin Chemmayath
60. Fr. Joseph Thattarassery
61. Fr. Josy Joseph Kochappilly
62. Fr. Kurian Maraparambil
63. Fr. Manuel Lopez
64. Fr. Marydas Kochery
65. Fr. Mathew D'Cunha
66. Fr. Merton D'Silva Malieckal
67. Fr. Michael Thalakketty
68. Fr. Navin Thengapurackal
69. Fr. Norbin Pazhampilly
70. Fr. Patrick Elavunkal
71. Fr. Paul Nidhin Kuttissery
72. Fr. Paul Thundiyil
73. Fr. Paulson Simethy
74. Fr. Philip Thaiparambil
75. Fr. Prasad Jose Kannapilly

76. Fr. Prince Xavier Kannothuparambil
77. Fr. Rajeev Jose Kainikat
78. Fr. Rinoy Joy Kalathiparambil
79. Fr. Sabu Nedunilath
80. Fr. Sebastian George Adichiyil
81. Fr. Sebastian Joby Aseethuparambil
82. Fr. Sebastian Karukappilly
83. Fr. Sebastian Oliparambil
84. Fr. Shinoj Raphael Arancherry
85. Fr. Sijo George Kurisummootil
86. Fr. Smijo George Kalathiparambil
87. Fr. Stephen Alathara
88. Fr. Thadeus Babu Vavakatt
89. Fr. Thomas Chinganthara
90. Fr. Thomas Pulickal
91. Fr. Thomas Shobin Kuttikkatt
92. Fr. Tijo Thomas Kolothumveettil
93. Fr. Titus Antony Kurisuveettil
94. Fr. Varghese Valiyaparambil
95. Fr. Vimal Francis Pandaraparambil
96. Fr. Vincent Naduvilaparambil
97. Fr. Vincent Variath
98. Fr. Xavier Sebastian Padiyaramparambil

# ANNUAL RETREAT 2017

**July 23 - 28**

**Second Batch**

1. Msgr. Mathew Elanjimattom
2. Msgr. Ambrose Arackal
3. Msgr. Joseph Thannikot
4. Fr. Alex Chinganthara
5. Fr. Aloysius Thaiparambil
6. Fr. Antony Anand Mannalil
7. Fr. Antony Arackal (Jr)
8. Fr. Antony Bibu Kadamparambil
9. Fr. Antony Cheriakadavil
10. Fr. Antony Dominic Figarado
11. Fr. Antony Hashbin Kadamparambil
12. Fr. Antony Jibin Kaimaleth
13. Fr. Antony John Puliparambil
14. Fr. Antony Mulloor
15. Fr. Antony Raphael Komaranchath
16. Fr. Antony Thoppil
17. Fr. Antony Vellayil
18. Fr. Augustine Baiju Kuttikkal
19. Fr. Augustine Isaac Kurisinkal
20. Fr. Augustine Laiju Kandanattuthara
21. Fr. Bevin Thomas Kalloor
22. Fr. Binil Sebastian Palliparambil

23. Fr. Charles Lopez
24. Fr. Christy David Pathiala
25. Fr. Clement Valluvassery
26. Fr. Datson D'auravu Maliakal
27. Fr. Dominic Kanappilly
28. Fr. Douglas Pinheiro
29. Fr. Ebigin Arackal
30. Fr. Felix Chackalackal
31. Fr. Felix Chullickal
32. Fr. Fostin Fernandez Janmaparambil
33. Fr. Francis D'cruz
34. Fr. Francis D'Silva
35. Fr. Francis Glanson Aruja
36. Fr. Francis Peediekal
37. Fr. Francis Xavier Thannikaparambil
38. Fr. George Joseph Thoundayil
39. Fr. George Mathirapilly
40. Fr. George Sequeira
41. Fr. George Vettaparambil
42. Fr. Godfrey Kochappilly
43. Fr. Jacob Liju Mathirappilly
44. Fr. Jacob Pattarumadathil
45. Fr. JaisonVadassery
46. Fr. Jeen Felix Kattassery
47. Fr. Jiju Cleetus Thiyadi
48. Fr. Job Vazhakoottathil

49. Fr. Joby Alappatt
50. Fr. John Christopher Vadassery
51. Fr. Jolly Thappalodath
52. Fr. Joseph Antony Palliparambil
53. Fr. Joseph Binu Pandaraparambil
54. Fr. Joseph Collins Elenjikal
55. Fr. Joseph Joy Mathirappilly
56. Fr. Joseph Lixon Aswez
57. Fr. Joseph Oliparambil (Jr.)
58. Fr. Joseph Rajan Kizhavana
59. Fr. Joseph Thoppil
60. Fr. Joseph Vibin Choothamparambil
61. Fr. Judis Panakal
62. Fr. Justin Attullil
63. Fr. Lazer Sinto Thaiparambil
64. Fr. Leneesh Jose Manakil
65. Fr. Lijo George Thachuthara
66. Fr. Manoj Francis Marottickal
67. Fr. Manuel Kuthukatt
68. Fr. Martin Azhikkakath
69. Fr. Martin Thaiparambil
70. Fr. Mathew Jomson Thottunkal
71. Fr. Mathew Sojan Maliekal
72. Fr. Michael D'Cruz Arakal
73. Fr. Midhun Joseph Chemmayath
74. Fr. Paulson Kottiyath

75. Fr. Peter Ambalathinkal
76. Fr. Peter Kochuveettil
77. Fr. Raphael Kalluveettil
78. Fr. Raymond Pallan
79. Fr. Rex Joseph Arakkaparambil
80. Fr. Robinson Panackal
81. Fr. Rockey Kollamparambil
82. Fr. Rockey Thengapurackal
83. Fr. Rony Joseph Manakil
84. Fr. Saju Antony Mundempilly
85. Fr. Sebastian Moonukoottungal
86. Fr. Sebastian Sony Kalathil
87. Fr. Sebastian Vattaparambil
88. Fr. Shine Pauly Kalathil
89. Fr. Sibi Choothamparambil
90. Fr. Sibi Varghese Thaiparambil
91. Fr. Stanley Mathirappilly
92. Fr. Varghese Sojan Thoppil
93. Fr. Xavier Kumbalaparambil
94. Fr. Xavier Sajan Padiyaramparambil
95. Fr. Yesudas Pazhampilly
96. Fr. Zacharias Pavanathara

# CASUS

## JUNE - 2017

The Church prefers and earnestly recommends that the pious custom of burying the bodies of deceased faithful, because it manifests Christian faith in the resurrection and the dignity of the body; but burial is not required. Cremation is not tolerated by the Church if it is chosen for reasons which are not tolerated by the Church if it is chosen for reasons which are contrary to Christian reasons (cf. c. 1184, §1, 2º). The 1917 code had forbidden cremation (CIC 1203; 1240, §1, 5º), but this was derogated in 1963 by an instruction of the Holy Office which stated that the Church "never opposed nor now opposes cremation under certain circumstances, that is, whenever it is certain that it is done through innocent motives and for grave reasons, especially of a public order" (*See* ***Piam et Constantem***, May 8, 1963, AAS 56 [1964] 822). No longer is it necessary to have positive reasons for choosing cremation. Anyone may choose cremation unless it is done for reasons contrary to Christian teaching.

During these years of ours, the practice of cremation has notably increased in many countries, but simultaneously new ideas contrary to the Church's faith have also become widespread. At this juncture, having consulted the Congregation for Divine Worship and the Discipline of the Sacraments, the Pontifical Council for Legislative Texts and numerous Episcopal Conferences and Synods of Bishops, the Congregation for the Doctrine of the Faith has published a new Instruction, with the intention of underlining the doctrinal and pastoral reasons for the preference of the burial of the remains of the faithful and to set out norms pertaining to the conservation of ashes in the case of cremation (See Instruction ***Ad resurgendum cum Christo*** {To Rise with Christ} regarding the burial of the deceased and the conservation of the ashes in the case of cremation [August 15, 2016]). The instruction, approved by Pope Francis on March 18 and dated August 15, was made public on

October 25, 2016. Its twofold purpose is to emphasize "the doctrinal and pastoral reasons for the preference of the burial of the remains of the faithful and to set out norms pertaining to the conservation of ashes in the case of cremation".

**1. If a person is a manifest sinner or notoriously has requested cremation can the person be given a Church funeral?**

According to the provision of Canon 1184, §1, Church funeral rites are to be denied to manifest sinners to whom a Church funeral could not be granted without public scandal to faithful unless they gave some signs of repentance before death. In case of doubt the matter should be referred to the Local Ordinary.

Since the denial of a Church funeral to one of its members is always a sensitive issue, one must bear in mind that the Church funeral is primarily to pray for the spiritual support of the person who has died, i.e. to plead for God's mercy so that the person may be admitted to the eternal life merited by the death and resurrection of Christ; and also to honor the dead body which had been a temple of the Holy Spirit by reason of baptism; and to bring to the living the comfort of Christian hope which carries the certainty of reunion in eternal life.

**2. Is it permissible for a person to be cremated? If so, is it necessary to obtain permission from the Local Ordinary?**

According to the provision of Canons 1176, §3 the Church earnestly recommends that the pious custom of burial be retained: but it does not forbid cremation, unless this is chosen for reasons which are contrary to Christian teaching (See Cannon 1184, §1, 2º). It is not necessary to obtain the permission of the Local Ordinary.

**3. Does the Church have a preference for either cremation or burial of the body of the deceased?**

Although cremation is permitted, Catholic teaching continues to stress the preference for burial or entombment of the body of the deceased. "Following the most ancient Christian tradition, the Church

insistently recommends that the bodies of the deceased be buried in cemeteries or other sacred places. In memory of death, burial and resurrection of the Lord, the mystery that illumines the Christian meaning of death, burial is above all the most fitting way to express faith and hope in the resurrection of the body…" (Cf. Congregation for the Doctrine of the faith, ***Ad resurgendum cum Christo***, regarding the burial of the deceased and the conservation of the ashes in the case of cremation, n. 3)

**4. What are the steps to be taken for cremation?**

When cremation is chosen for a good reason, the full course of the Order of Christian Funerals should still be celebrated, the Funeral Liturgy, and the Rite of Committal. The preservation of this order allows for the greater expression of our beliefs and values, especially, the sacredness of human life, the dignity of the individual person and the resurrectin of Jesus Christ, the firstborn of the dead. Through its funeral rites, the Church commends the dead to the merciful love of God and pleads for the forgiveness of their sins. Thus it says in the instruction ***Ad resurgendum cum Christo*** "…When, for legitimate motives, cremation of the body has been chosen, the ashes of the faithful must be laid to rest in a sacred place, that is, in a cemetery or, in certain cases, in a church or an area, which has been set aside for this purpose, and so dedicated by the competent ecclesial authority…" (See ***Ad resurgendum cum Christo***, nn. 4-7).

**5. Should cremation occur before or after the funeral?**

In the absence of motives, contrary to Christian doctrine, the Church, after the celebration of the funeral rite, accompanies the choice of cremation, providing the relevant liturgical and pastoral directives, and taking particular care to avoid every form of scandal or the appearance of religious indifferentism (See ***Ad resurgendum cum Christo***, n. 4).

**6. Should for a good reason the diocesan bishop permit the cremated remains to be present for the Funeral Liturgy?**

**7. What should become of the cremated remains following the funeral?**

The cremated human remains would then be interred during the Rite of Committal. When, for legitimate motives, cremation of the body has been chosen, the ashes of the faithful must be laid to rest in a sacred place, that is, in a cemetery or, in certain cases, in a church or an area, which has been set aside for this purpose, and so dedicated by the competent ecclesial authority. The reservation of the ashes of the departed in a sacred place ensures that they are not excluded from the prayers and remembrance of their family or the Christian Community. It prevents the faithful departed from being forgotten, or their remains from being shown a lack of respect, which eventuality is possible, most especially once the immediately subsequent generation has too passed away (See ***Ad resurgendum cum Christo***, n. 5).

**8. Is there any possibility to concede permission from the Ordinary for the conservation of the ashes of the departed in a domestic residence?**

Yes, it is possible (See ***Ad resurgendum cum Christo***, n. 6)

**9. Is it permitted to be divided of the ashes after cremation among various family members or to scatter the remains on the sea and from the air or on the ground?**

No. Absolutely, it is not permitted (See ***Ad resurgendum cum Christo***, nn. 6-7).

**10. Is it permitted to donate one's body for medical research? If so, what kind of funeral rite is accorded to a person who has donated his/her body for medical research**?

(Pope Pius XII approved body donation for medical research in 1956. Pope Emeritus Benedict XVI is a registered organ donor).

Printed and Published by Fr. Ebigin Arackal
Vimala Social Service Centre, Kakkanad, Kochi - 21